# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

27

www.industry.kerala.gov.in

15 OCTOBER 2022









# അരങ്ങുണർന്നു; ആവേശമായി മലബാർ ക്രാഫ്റ്റ്സ് മേള

കോഴിക്കോട് സ്വപ്ന നഗരിയിൽ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന മലബാർ ക്രാഫ്റ്റ്സ് മേള 2022 ആവേശപ്പെരുമയിലേക്ക്. കേരളത്തിനകത്തും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള 200ൽ പരം കരകൗശല വിദഗ്ധരാണ് മേളയിൽ പങ്കെടുക്കുന്നത്. 150ഓളം ഓല മേഞ്ഞുള്ള കുടിലുകളിലാണ് മേള നടക്കുന്നത്. ഒക്ടോബർ മാസം 2ന് തുടങ്ങിയ വ്യവസായ വാണിജ്യ വകുപ്പിന്റെ ക്രാഫ്റ്റ് മേളയിൽ കേരളം ഉൾപ്പെടെ 28 സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ധരാണ് പങ്കെടുക്കുന്നത്. മേള 2022 ഒക്ടോബർ 16 വരെ തുടരും.

കേരളത്തിന്റെ പരമ്പരാഗത വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിയും തനത് ഉൽപന്നങ്ങളുടെ വിപണനവും മുന്നിൽ കണ്ട് കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മലബാർ ക്രാഫ്റ്റ്സ് മേള. വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹായത്തോടെയാണ് എട്ടാമത് മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ തനത് പാരമ്പര്യം വിളിച്ചോതുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു എന്നതിനൊപ്പം സാംസ്കാരിക മേളയുടെ ഭാഗമായി കൂടിയാണ് മലബാർ ക്രാഫ്റ്റ്സ് മേള ഒരുക്കിയിരിക്കുന്നത്.

2022 ഒക്ടോബർ 2ന് വൈകുന്നേരം ആറ് മണിയോടെ തുടങ്ങിയ മേളയുടെ സ്റ്റാളുകൾ ബഹു. കോഴിക്കോട് ജില്ലാ കളക്ടർ ശ്രീ. നരസിംഹുഗാരി ടി എൽ റെഡ്ഢി ഐഎഎസ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. ഹരികിഷോർ ഐഎഎസ്, കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. ബിജു പി എബ്രഹാം, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ജനറൽ മാനേജർ ശ്രീ. വാൻ റോയ് എന്നിവർ സന്ദർശിച്ചു.

എട്ടാമത് മലബാർ ക്രാഫ്റ്റ്സ് മേളയിൽ പരമ്പരാഗത രീതിയിൽ നിർമ്മിച്ച 153 കുടിലുകളിലായാണ് ദേശീയ അവാർഡുകൾ നേടിയ കരകൗശല പ്രവർത്തകരുടെ വിവിധങ്ങളായ ഉത്പന്നങ്ങളോടൊപ്പം പ്രദർശന മേള സംഘടിപ്പിച്ചിരിക്കുന്നത്. ഇതിൽ കേരളം ഉൾപ്പെടാതെ 100 കുടിലുകളിലായി ആന്ധ്രാപ്രദേശ്, ആസ്സാം, ബീഹാർ, ഗോവ, ഗുജറാത്ത്, ഹരിയാന, കർണ്ണാടക, മധ്യപ്രദേശ്, മണിപ്പൂർ, മഹാരാഷ്ട്ര, മിസ്സോറാം, നാഗാലാൻറ്, ഒറീസ്സ, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, തെലുങ്കാന, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമബംഗാൾ തുടങ്ങിയ 25 സംസ്ഥാനങ്ങളിൽ നിന്നും പുതുച്ചേരി, ഡൽഹി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 215 ൽ പരം കരകൗശല വിദഗ്ധർ പങ്കെടുക്കുന്നുണ്ട് എന്നത് മേളയുടെ മാറ്റ് കൂട്ടുന്നു.

കേരളത്തിലെ 14 ജില്ലകളിൽ നിന്നും 40 കുടിലുകളിലായി 80 പരമ്പരാഗത കരകൗശല - കൈത്തറി വിദഗ്ധരാണ് മേളയുടെ ഭാഗമാകുന്നത്. കേരളത്തിലെ കരകൗശല വിദഗ്ധരുടെ മുള, തടി കൊണ്ടുള്ള ശില്പങ്ങൾ, തടി, വാഴനാര്, ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ; ആഭരണങ്ങൾ; മുള ഉൽപ്പന്നങ്ങൾ; കരകൗശല വസ്തുക്കൾ; ആയുർവേദ, വൈക്കോൽ, അലങ്കാര വസ്തുക്കൾ; ടെറാക്കോട്ട ഉൽപ്പന്നങ്ങൾ, കളിമൺ ശില്പങ്ങൾ, കൈത്തറി ഉൽപ്പന്നങ്ങൾ; ചൂരൽ ഉൽപ്പന്നങ്ങൾ; മ്യൂറൽ പെയിന്റിംഗ്, കട്ട് ഗ്ലാസ്സ് മ്യൂറൽസ് തുടങ്ങിയവ പ്രദർശന നഗരിയിലെ ആകർഷക വസ്തുക്കളാണ്. കൂടാതെ കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് തിരഞ്ഞെടുത്ത 10 കേരള കൈത്തറി സൊസൈറ്റികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും മേളയിൽ അവസരമൊരുക്കിയിട്ടുണ്ട്. ഇവയോടൊപ്പം കേരള വന ഗവേഷണ കേന്ദ്രം ,സർഗ്ഗാലയ, കേരള സംസ്ഥാന ബാംബൂ മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെയും ഉത്പന്ന പ്രദർശന സ്റ്റാളുകൾ മേളയോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്.

മേളയുടെ പകുതി ദിവസങ്ങൾ പിന്നിടുമ്പോൾ, കേരളത്തിൽ നിന്നും രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള കലാകാരന്മാരുടെയും/കരകൗശല വിദഗ്ധരുടെയും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനവും തത്സമയ നിർമാണവും മേളയെ ജനപ്രിയമാക്കി മാറ്റുന്ന കാഴ്ചയാണ് കാണാനാവുക. ഭക്ഷ്യവിഭവങ്ങൾ പരിചയപ്പെടുത്തുന്ന വിവിധ തരത്തിലുള്ള 10 ഫുഡ് കോർട്ടുകളും മേളയുടെ ആകർഷണീയത വർദ്ധിപ്പിച്ചു.

മേളയോടനുബന്ധിച്ച് എല്ലാ ദിവസവും വിവിധങ്ങളായ സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. നാടൻപാട്ടുകൾ, ചലച്ചിത്ര ഗാനരംഗങ്ങൾ കോർത്തിണക്കിയ സംഗീത പരിപാടി, നൃത്ത സന്ധ്യ, സൂഫി സംഗീതം, തുടി മുഴക്കം, പടയണി, തോൽപാവക്കൂത്ത്, തിറയാട്ട സന്ധ്യ, ബാംബൂ മ്യൂസിക് ഗസ്സൽ സന്ധ്യ തുടങ്ങിയ കലാപരിപാടികൾ മേളയെ കൂടുതൽ ആകർഷണീയമാക്കി മാറ്റി.2022 ഒക്ടോബർ 2 മുതൽ 16 വരെ നടക്കുന്ന മേളയിൽ പ്രവേശം സൗജന്യമാണ്. രാവിലെ 11 മണിമുതൽ രാത്രി 9 വരെയാണ് പ്രദർശന സമയം.

# ഭക്ഷ്യ സംസ്കരണ മേഖലക്ക് കൈത്താങ്ങായി

# പി.എം.എഫ്.എം.ഇ. പദ്ധതി

സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ലഭ്യമാക്കുന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് 'പി.എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീം (പി.എം.എഫ്.എം.ഇ. സ്കീം)'. ഈ പദ്ധതിക്ക് കീഴിൽ ഓരോ ജില്ലയുടെയും തനത് കാർഷിക വിഭവങ്ങളുടെയും അവയുടെ മൂല്യവർധിത ഉത്പന്നങ്ങളുടെയും വിപണിയും വരുമാനവും ഉറപ്പാക്കുന്ന 'ഒരു ജില്ല, ഒരു ഉത്പന്നം' എന്ന പദ്ധതി കേരളത്തിലെ കാർഷിക മേഖലക്കൊരു കൈത്താങ്ങാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ വിവിധ ജില്ലകളിലെ മുഖ്യ കാർഷിക വിളകളിൽ പുതിയ മാറ്റങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ പട്ടിക അനുസരിച്ച് കോട്ടയത്തും കണ്ണൂരിലും നാളികേര ഉത്പന്നങ്ങൾ, കാസർഗോഡ് ചക്ക അധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയാണ് മുഖ്യ കാർഷിക വിളകളായി തിരഞ്ഞെടുത്തിരിക്കുന്നത്.

വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങൾ, കർഷക ഉത്പാദക സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായുള്ള പ്രോത്സാഹനവും പിന്തുണയുമാണ് പദ്ധതി വാഗ്ദാനം ചെയ്യുന്നത്. വ്യക്തിഗത സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് യോഗ്യമായ ചെലവിന്റെ 35%, യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് സ്ഥിര മൂലധന സബ്സിഡി (മെഷിനറി വാങ്ങുന്നതിന്) ലഭിക്കും. സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി 40000 രൂപ വരെ പ്രാരംഭ മൂലധനം പദ്ധതിയിലൂടെ ലഭ്യമാക്കും. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായവും, പരിശീലന പിന്തുണയും, ബ്രാൻഡിങ്ങിനും വിപണനത്തിനുമുള്ള പ്രാദേശിക സംസ്ഥാനതല പിന്തുണയും പദ്ധതി വാഗ്ദാനം ചെയ്യുന്നുണ്ട്. വായ്പയും സബ്സിഡിയുമടക്കം സംരംഭകർക്ക് മികച്ച വരുമാനം ലഭിക്കുന്നതിനൊപ്പം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വഴിയൊരുക്കുന്ന ഈ പദ്ധതിയുടെ കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

PMFME

सूक्ष्म उद्यमों का संबल



# 2022–27 കരട് വ്യവസായ നയം പുറത്തിറക്കി

ഉത്തരവാദിത്തസുസ്ഥിര നിക്ഷേപങ്ങൾ കാഴ്ചപ്പാടിലൂന്നി വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 2022 27 കാലയളവിലേക്കുള്ള വ്യവസായ നയത്തിന്റെ കരട് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവ് പുറത്തിറക്കി. നയം അന്തിമമാക്കുന്നതിന് മുമ്പ് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കും. പുതിയ വ്യവസായ നയം 2023 ജനുവരിയിലാണ് പുറത്തിറങ്ങുക. 2023 ഏപ്രിൽ ഒന്നിന് ഇത് പ്രാബല്യത്തിൽ വരും.

ബഹിരാകാശ മേഖല, ആയുർവേദം, ബയോടെക്നോളജി, ഡിസൈനിംഗ്, നിർമിത ബുദ്ധി, ഇലക്ട്രോണിക് സിസ്റ്റം ഡിസൈനും മാനുഫാക്ചറിംഗും, ഇലക്ട്രിക് വാഹനങ്ങൾ, എഞ്ചിനീയറിംഗും ഗവേഷണ വികസനവും, ഭക്ഷ്യ സാങ്കേതികവിദ്യ, ഗ്രാഫീൻ, ഹൈടെക് ഫാമിംഗ്, ഉയർന്ന മൂല്യവർധിത റബ്ബർ ഉൽപ്പന്നങ്ങൾ, ലോജിസ്റ്റിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, പുനരുപയോഗ ഊർജം, റീട്ടെയിൽ, റോബോട്ടിക്സ്, ടൂറിസവും ഹോസ്പിറ്റാലിറ്റിയും, ത്രീഡി പ്രിന്റിംഗ്, മറൈൻ ക്ലസ്റ്റർ എന്നിവയാണ് കരട് വ്യവസായ നയത്തിൽ പ്രാധാന്യം നൽകുന്ന മേഖലകളിൽ ചിലത്. സ്ഥിര മൂലധനത്തിൽ നിക്ഷേപ സബ്സിഡി, എസ്ജിഎസ്ടി റീഇംബേഴ്സ്മെന്റ്, ഉൽപ്പാദന മേഖലയ്ക്കുള്ള അപ്രന്റീസ്ഷിപ്പ് ഇൻസെന്റീവുകൾ എന്നിവ ഉൾപ്പെടെ നിരവധി പ്രോത്സാഹനങ്ങൾ കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.